## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 469 — 06-02-2014-ൽ മറുപടിക്ക്.

### സ്കൂൾ കുട്ടികൾക്കിടയിൽ മദ്യ മയക്കുമരുന്ന് ഉപയോഗം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ:<br>" ടി. എ. അഹമ്മദ് കബീർ:<br>" പി. ഉബൈദുള്ള:<br>" സി. മമ്മൂട്ടി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്കിടയിൽ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്കൂൾ കുട്ടികൾക്കിടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വ്യാപകമല്ല. എന്നാൽ, ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്കൂൾ കുട്ടികൾ വൈറ്റ്നർ മണത്തു ലഹരി ആസ്വദിക്കുന്ന കാര്യം എക്സൈസ് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദവിവരം നൽകുമോ; | (ബി) എക്സൈസ് വകുപ്പ് ഇക്കാര്യം പരിശോധിച്ചിട്ടില്ല. |
| (സി) സ്കൂൾ പരിസരങ്ങളിൽ വിവിധ രൂപങ്ങളിലും, വ്യത്യസ്ത രീതികളിലും മയക്കുമരുന്ന്, മദ്യം എന്നിവ വ്യാപകമായി പുതുതലമുറയെ അവയ്ക്ക് അടിമകളാകുന്ന മാഫിയകളെ നിയന്ത്രിക്കാൻ സ്കൂൾ പരിസര നിരീക്ഷണത്തിനും, വില്പന വിഭവങ്ങൾ പരിശോധിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകുമോ? | (സി) നിലവിലെ നിയമമനുസരിച്ച്, വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ മദ്യ-മയക്കുമരുന്നുൾപ്പെടെ പാൻമസാലകൾ അടക്കമുള്ള ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും നിരോധിച്ചിട്ടുണ്ട്. ഇത്തരം ലഹരി വസ്തുക്കളുടെ വിപണനം നിരീക്ഷിച്ച്, രഹസ്യ വിവരങ്ങൾ ശേഖരിച്ച്, എക്സൈസ് വകുപ്പ് റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ നിയമാനുസരണം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ